## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 573

06.03.2012 ലെ മറുപടിയ്ക്ക്

# ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ആരംഭിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധ പ്പെട്ട് ആരംഭിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | എ. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഭ്യസ്തവിദ്യരായ മുസ്ലീം ഉദ്യോഗാർത്ഥികൾക്ക് മൽസര പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിനുള്ള പരിശീലന കേന്ദ്രം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ ആരംഭിക്കുകയും കാസറഗോഡ്,പത്തനം തിട്ട, കോട്ടയം, തിരുവനന്തപുരം എന്നി വിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് വർദ്ധിപ്പിച്ചു. കൂടാതെ ന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന ഒമ്പതാം ക്ലാസ് വിദ്യാർഥികൾക്ക് പഠനമേശയും കസേരയും നൽകൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി, മദ്രസാ ദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ ഒന്നും രണ്ടും വർഷ ബി.ടെക് ന് പ ഠിക്കുന്ന മക്കൾക്ക് ലാപ്-ടോപ് നൽകൽ, കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ രൂപീകരണം, മദ്രസാദ്ധ്യാപക ക്ഷേമനിധി പലിശ രഹിതമാക്കൽ, ന്യൂനപക്ഷ വിഭാഗ ത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് അക്കാദമി പോലെ |

| | | | |
|---|---|---|---|
| | | | യുള്ള സ്ഥാപനങ്ങളിലെ പരിശീലനത്തിന് ഫീസ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് റി-ഇംബേഴ്സ് ചെയ്യാനുള്ള പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ബി. | ന്യൂനപക്ഷ ഡയറക്ടറേറ്റു വഴി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | ബി | ഈ വകുപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ജനങ്ങളിലെത്തിക്കുവാൻ പര്യാപ്തമായ രീതിയിലുള്ള ഒരു വെബ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും ബ്രോഷർ മുഖേനയുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |
| സി. | ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പാക്കുന്നതിനായി റീജിയണൽ സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | സി. & ഡി. | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| ഡി. | മലപ്പുറത്ത് ന്യൂനപക്ഷ ഡയറക്ടറേറ്റിന്റെ റീജിയണൽ സെന്റർ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ